# പ്രയാണം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മാർഗരേഖ

## മാങ്ങാട്ടിടം യു.പി.സ്കൂൾ

സ്ഥാപിതം : 1892

വിദ്യാഭ്യാസ ജില്ല : തലശ്ശേരി

സബ്ജില്ല : കൂത്തുപറമ്പ

**ഉള്ളടക്കം**


- ആമുഖം 2
- കാഴ്ചപ്പാട് 5
- ലക്ഷ്യങ്ങൾ 7
- ഉൾച്ചേർന്ന വിദ്യാഭ്യാസം 11
- കൈത്തിരി (മലയാളം)
- മാജിക് ഇംഗ്ലീഷ് (ഇംഗ്ലീഷ്) 15
- ഗണിത കൗതുകം (ഗണിതം) 18
- നടക്കാം നാട്ടുവഴികളിലൂടെ (അടിസ്ഥാനശാസ്ത്രം) 21
- നാടറിയാം വീടറിയാം നമ്മെയറിയാം (സോഷ്യൽ സയൻസ്) 24
- അച്ഛി ഹിന്ദി (ഹിന്ദി) 27
- ടാലന്റ് ലാബ് 29
- ഒരുമ (ഭിന്നശേഷി വിദ്യാർത്ഥികളുടെ വികസനം) 31
- ഒളിമ്പിയ (കായിക പരിശീലനം) 33
- പൂപ്പൊലി (ജൈവവൈവിധ്യഉദ്യാനം) 35

## ആമുഖം

ശ്രീ ഒണക്കൻ ഗുരുക്കളാൽ സ്ഥാപിതമായ മാങ്ങാട്ടിടം യു.പി.സ്കൂൾ 126 വർഷം പിന്നിടുകയാണ്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന്റെ അരുണോദയകാലത്താണ് ഈ വിദ്യാലയത്തിന്റെ ഉത്ഭവം. അന്നവും അക്ഷരവും ഉന്നതരുടെ വരുതിയിൽ മാത്രം ഒതുങ്ങിയിരുന്ന പഴയകാലം മുതൽ അതു മുഴുവൻ മനുഷ്യർക്കും അവകാശപ്പെട്ടതാണെന്ന് അംഗീകരിക്കപ്പെട്ട ആധുനിക കാലം വരെ തുടരുന്ന ഒരു വിദ്യാലയത്തിന്റെ ശോഭനമായ ചരിത്രമാണ് മാങ്ങാട്ടിടം യു.പി. സ്കൂളിന്റെ ചരിത്രം.

ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് സ്കൂൾ വേദിയായിട്ടുണ്ട്. 1892ൽ വെറുമൊരു ഓലഷെഡിൽ തുടങ്ങിയ ഈ വിദ്യാലയം 1958 ജൂലായ് മാസം യു.പി. സ്കൂളുമായി ഉയർത്തപ്പെട്ടു. പിന്നീട് പടിപടിയായിട്ടുള്ള ഉയർച്ച മാത്രം.

അനേകം മഹത്വ്യക്തികളുടെ ശിക്ഷണത്താൽ ഒരുപാട് ശിഷ്യഗണങ്ങൾ സൃഷ്ടി ക്കപ്പെട്ടു. മൺമറഞ്ഞതും ഇപ്പോഴും ജീവിച്ചിരിക്കുന്നതുമായ എല്ലാ ഗുരുവര്യന്മാരേയും നന്ദി പൂർവ്വം സ്മരിക്കട്ടെ.

അൺഎയ്ഡഡ് സ്കൂളുകളുടെ മലവെള്ളപ്പാച്ചിലിൽ എയിഡഡ്-ഗവൺമെന്റ് സ്കൂളുകളിൽ പലതിനും അടിതെറ്റിയപ്പോൾ രക്ഷിതാക്കളുടെ ഉറച്ച പിന്തുണയിൽ വലിയ കോട്ടം തട്ടാതെ നിലനിൽക്കാൻ സ്കൂളിന് സാധിച്ചു എന്നത് എടുത്തു പറയേണ്ടതാണ്. പിന്നീട് ഇംഗ്ലീഷ് മീഡിയം വിഭാഗം ആരംഭിച്ചു കൊണ്ട് കുട്ടികളെ നിലനിർത്താൻ സാധിച്ചിട്ടുണ്ട്. ഇന്നും മാങ്ങാട്ടിടം പഞ്ചായത്തിൽ ഏറ്റവും നല്ല വിദ്യാലയമായി മാങ്ങാട്ടിടം യു.പി. സ്കൂൾ നിലകൊള്ളുന്നു.

അധ്യാപക-രക്ഷാകർതൃസമിതി സ്കൂളിന്റെ അഭിവൃദ്ധിയാൽ പ്രധാന പങ്ക് വഹിക്കുന്നു. വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളുടെ വരവോടെ നിറം മങ്ങിയ നമ്മുടെ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനും ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും നടപടികൾ ആരംഭിച്ചു. വിദ്യാലയത്തിന് ദിശാബോധം നൽകുന്ന മാസ്റ്റർ പ്ലാനുകൾ തയ്യാറായി കഴിഞ്ഞു. ഭാവിയുടെ സ്വപ്നങ്ങൾ ചിറകടിച്ച് ആകാശത്തോളം ഉയരട്ടെ. ഈ സ്വപ്നങ്ങൾ ഉറക്കമുണർന്നാൽ മറന്നുപോകുന്നവയാകരുത്; നമ്മുടെ ഉറക്കം കെടുത്തുന്നവരായിരിക്കണം.

അനേകം ചരിത്ര നായകന്മാർ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, അധ്യാപകർ, രക്ഷിതാക്കൾ, നാട്ടുകാർ, മാനേജ്മെന്റ്, പഞ്ചായത്ത്, സന്നദ്ധപ്രവർത്തകർ ഇവരുടെ ഒക്കെ അനുഗ്രഹത്താൽ വിളങ്ങുന്ന ഈ വിദ്യാലയം അക്ഷരവെളിച്ചവുമായി ഇനിയും നൂറ്റാണ്ടുകൾ നിലനിൽക്കട്ടെ.

## കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടു മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവൂ. ഇതിനു വേണ്ടി ആണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ ദർശനം സംബന്ധിച്ച ധാരണ പ്രതിഫലിപ്പിക്കും. വിദ്യാലയദൗത്യ പൂർത്തീകരണത്തിനാവശ്യമായ തന്ത്രങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കും. അക്കാദമിക പുരോഗതിയിലേക്കുള്ള പാത ചൂണ്ടിക്കാട്ടും. വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി മാസ്റ്റർ പ്ലാൻ പ്രവർത്തിക്കും.

അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക. സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാസാഹിപ്പിക്കുക, മൂന്ന് ഭാഷകളിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക. ഇങ്ങനെ അക്കാദമികമായ പ്രസക്തമെന്നു തോനുന്ന എല്ലാത്തിനെയും കുറിച്ച് പുരോഗമനപരമായ നിലപാടുകൾ രൂപപ്പെടുത്തണം.

എല്ലാ കുട്ടികളയെും നല്ല വായനക്കാരാക്കുക, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുക, ഗണിതം മധുരമാക്കുക, ഭിന്നശേഷിക്കാരെക്കൂടി പഠനപ്രവർത്തനത്തിൽ ഉൾപ്പെടുത്തുക, പെൺകുട്ടികൾക്ക് പ്രത്യേക പരിഗണനന, കായിക്ഷമത വർദ്ധിപ്പിക്കുക, സമൂഹത്തെക്കൂടി ഉൾപ്പെടുത്തി ഉൾച്ചേർന്ന വിദ്യാഭ്യാസം, IT പഠനസാധ്യത ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനം എന്നിവ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യങ്ങളായി ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

## ലക്ഷ്യങ്ങൾ

- കൈത്തിരി മലയാളം : എല്ലാവർക്കും എഴുതാം വായിക്കാം – 1 മുതൽ 7 വരയെുള്ള എല്ലാ കുട്ടികൾക്കും തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് വളർത്തുക.
- ഇംഗ്ലീഷ് : Magic English – ഇംഗ്ലീഷ് മീഡിയം അല്ലാതെ തന്നെ ഇംഗ്ലീഷിന് അധികപഠനം നൽകുന്ന പദ്ധതി.
- ഗണിതം : ഗണിത കൗതുകം – ഗണിതശേഷികളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായം നൽകാൻ ഉതകുന്ന പഠനബോധന തന്ത്രം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗണിതകൗതുകം എന്ന പ്രവർത്തന പരിപാടി ഞങ്ങൾ ഏറ്റെടുത്തത്.
- അടിസ്ഥാനശാസ്ത്രം : നടക്കാം നാട്ടുവഴികളിലൂടെ – ഔഷധ ലോകത്തെ നാട്ടറിവുകൾ. വിസ്മൃതിയിലാണ്ടു പോകുന്ന ഔഷധ സസ്യങ്ങളെ കുറിച്ചുള്ള അറിവ് മറ്റുള്ള വരിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യം.
- സാമൂഹ്യശാസ്ത്രം : നാടറിയാം വീടറിയാം നമ്മെയറിയാം – സാമൂഹ്യ പുരോഗതിയെ സ്വാധീനക്കുന്ന സംഭവങ്ങൾ, പ്രതിസന്ധികൾ, സ്ഥാപനങ്ങൾ മുതലായവയെ കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യ കേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രമെന്ന തിരിച്ചറിവ്.
- ഹിന്ദി : ദേശീയഭാഷയായ ഹിന്ദി പഠനം 1 മുതൽ 7 വരയെുള്ള ക്ലാസുകളിലെ കുട്ടികളിൽ സംജാതമാക്കൽ.
- അറബിക്: ലോകഭാഷയിൽ 3ാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കുന്നതിനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തൽ.
- സംസ്കൃതം : സംസ്കൃത വാർത്താവതരണം 'സമ്പ്രതി വാർത്ത' –സംസ്കൃത ഭാഷാപഠനത്തിലേക്ക് കുട്ടികളെ ആകർഷിക്കുക.
- ഉറുദു : ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും ഉറുദു ഭാഷ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ.
- ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷീവികസനം : ഞങ്ങളുണ്ട് നിങ്ങൾക്കൊപ്പം – അധ്യാപകന്റെ ബോധനരീതിയിൽ മാറ്റം വരുത്തുകവഴി ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക.
- ആരോഗ്യകായിക വിദ്യാഭ്യാസം : കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കാൻ. അതിലൂടെ ആരോഗ്യം കൈവരിക്കൽ.

* ജൈവ വൈവിധ്യ പാർക്ക് : പരിസ്ഥിതിയുമായി കുട്ടികളെ അടുപ്പിക്കൽ, ഔഷധ സസ്യങ്ങൾ, ശലഭോദ്യാനം, ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം.
* ആരോഗ്യം സുരക്ഷ പെൺകുട്ടികളിൽ : സാമൂഹിക പീഡനം അനുഭവിക്കുന്ന പെൺകുട്ടികളെ ജീവിക്കാൻ പ്രാപ്തരാക്കുക. കൗൺസിലിംഗ്, വൈദ്യ പരിശോധന(കണ്ണ്, പല്ല്, തൊലി)
* സാമൂഹിക പങ്കാളിത്തം : ഗുണമേന്മ വിദ്യാഭ്യാസം സമൂഹ പങ്കാളിത്തത്തോടെ
* കുട്ടികളുടെ സർഗ്ഗശേഷി വികസനം : കുട്ടികളിലെ സർഗ്ഗ വാസനകൾ കണ്ടെത്തൽ
* സ്കൗട്ട്, ഗൈഡ്, ബുൾബുൾ
* കോർണർ പി.ടി.എ, പി.ടി.എ, സി.പി.ടി.എ ശാക്തീകരണം
* പ്രാദേശിക വിഭവങ്ങളും വൈവിധ്യങ്ങളും : നാട്ടറിവുകളും സംസ്കാരങ്ങളും നാടൻപാട്ടുകൾ, കളികൾ, കളിയുപകരണങ്ങൾ, കൈവേലകൾ എന്നിവയുടെ നേരനുഭവങ്ങൾ കുട്ടികളിൽ എത്തിക്കൽ.
* ലഹരിക്കെതിരെ : പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പുത്തൻ തലമുറയെ വളർത്താൻ
* മുഴുവൻ കുട്ടികളേയും നീന്തൽ പരിശീലിപ്പിക്കും.
* കാർഷിക സംസ്കാരമുള്ള പുതുതലമുറ വളർത്താൻ
* വിദ്യാലയം ഗ്രീൻപോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കൽ.

## മലയാളം : കൈത്തിരി

പ്രശ്നം : എവർക്കും എഴുതാം വായിക്കാം. അക്ഷരത്തെറ്റുകൾ, ഭാഷാപ്രയോഗത്തിലെ പിശകുകൾ, വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിനുള്ള പോരായ്മകൾ, ഉച്ചാരണ പ്പിശക്, സർഗാത്മകതയുടെ അഭാവം തുടങ്ങിയ ചെറുതും വലുതുമായ ഒട്ടേറെ പ്രശ്നങ്ങൾ കുട്ടികൾക്കിടയിലുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.<br><br>അക്ഷരത്തെറ്റില്ലാതെ വായിക്കാനും പ്രാപ്തരാക്കുക<br>I, II, III, IV | ▪ കുട്ടികളിൽ അക്ഷരം ഉറപ്പിക്കാൻ അക്ഷരക്കാർഡ്, വാക്കുകൾ, എഴുതിയ കാർഡ്, ചിത്രങ്ങൾ കഥാപുസ്തകം എന്നിവ നൽകി വായിക്കൽ, എഴുതൽ<br>▪ ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പ് നിർമ്മിക്കൽ<br>▪ ചെറു വാക്യങ്ങൾ നിർമ്മിക്കൽ.<br>▪ ചിത്രം നൽകി കഥ പൂർത്തിയാക്കൽ, അക്ഷരങ്ങൾ നൽകി ആഭരണങ്ങൾ അണിയൽ.<br>▪ ഐ.ടി.സഹായത്തോടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് ചെറു വാക്യങ്ങൾ നിർമ്മി ക്കൽ. | 2 മാസം | അധ്യാപകർ<br>PTA,<br>SSG,<br>BRC | 5000/- |
| കുട്ടികളെ മികച്ച വായനക്കാരനാക്കുക<br>V,VI,VII | ▪ ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>▪ എല്ലാ കുട്ടികൾക്കും സമീപ ഗ്രന്ഥശാലയിൽ അംഗത്വം ഉറപ്പാക്കുന്നു.<br>▪ അസംബ്ലിയിലും ക്ലാസ്സിലും പത്രവായന<br>▪ ലൈബ്രറി വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ<br>▪ മികച്ച വായനക്കാരനെ കണ്ടെത്തി സമ്മാനം നൽകൽ<br>▪ ബാലമാസികകൾ വിതരണം ചെയ്യൽ<br>▪ വിദ്യാരംഗത്തിൽ വായനാ മത്സരം നടത്തൽ<br>▪ ബാലസഭ ദിനാചരണങ്ങൾ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | ആഗസ്ത് മുതൽ ഫിബ്രവരി വരെ<br><br>ജൂൺ മാർച്ച്<br><br>വിദ്യാരംഗം മീറ്റിംഗ് ദിനാചരണം | അധ്യാപകർ, കുട്ടികൾ<br><br>അധ്യാപകർ<br><br>അധ്യാപകർ, പി.ടി.എ<br><br>പി.ടി.എ<br><br>ബി.ആർ.സി | 50000<br><br>5000<br><br>5000<br><br>5000<br><br>5000 |

| | | | | |
|---|---|---|---|---|
| രചനാപരമായ കഴിവ് വ ളർത്തുക.<br>V,VI,VII | ▪ പുസ്തക ചർച്ച സംഘടിപ്പി ക്കൽ.<br>▪ ദിനാചരണ പുസ്തക വായ ന.<br>▪ ക്ലാസ് പത്രം, സ്കൂൾ പത്രം<br>▪ വായനാ മത്സരം, പതിപ്പ് നി ർമ്മാണം.<br>▪ രചനാ ശില്പശാല<br>▪ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ.<br>▪ ചുമർ പത്രിക തയ്യാറാക്കൽ<br>▪ അഭിമുഖം (സാഹിത്യകാര ൻ)<br>▪ ക്ലാസ് പി.ടി.എ.ൽ പുസ്തക പരിചയം.<br>▪ വ്യക്തിഗത രചന.<br>▪ സംഘ രചന | ജൂൺ–മാർച്ച്<br>ജൂൺ–മാർച്ച്<br>ദിനാചരണ വേള യിൽ<br>വിദ്യാരംഗം ബാല സഭ | അധ്യാപകർ<br>സാഹിത്യകാരൻമാർ<br>കവികൾ<br>പി.ടി.എ<br>ബി.ആർ.സി<br>സാഹിത്യകാരൻമാർ<br>വിദ്യാർത്ഥികൾ രക്ഷിതാക്കൾ | 10000<br>10000 |
| വായനാനുഭവങ്ങൾ വിവിധ രീതിയിൽ പ ങ്കെടുന്നതിന് അവസരം സൃഷ്ടിക്ക ൽ | ▪ പത്ര ക്വിസ്<br>▪ വായനാ വാരം<br>▪ രചനാ ശില്പശാല സംഘ ടിപ്പിക്കൽ | ജൂൺ–മാർച്ച് | അധ്യാപകർ | 10000 |

## ഇംഗ്ലീഷ് – മാജിക് ഇംഗ്ലീഷ്

ഇംഗ്ലീഷ് മീഡിയം അല്ലാതെ തന്നെ ഇംഗ്ലീഷിന് അധിക പഠനം നൽകുന്ന പദ്ധതി. മലയാളത്തിലേതു പോലെ തന്നെ ഇംഗ്ലീഷിലും സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള ഒരു കഴിവ് വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭയം കൂടാതെ പ്രയോഗിക്കാനുള്ള ശേഷി വികസിപ്പിക്കൽ<br><br>1–7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം | ○ ഒരു പഠന തന്ത്രമെന്ന നിലയിൽ പരമാവധി കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള വീഡിയോ ഓഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനുമുള്ള ധാരാളം അവസരം ഒരുക്കൽ.<br>○ ഒരോ ക്ലാസിലും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായനാ മെറ്റീരിയിലുകൾ തയ്യാറാക്കി വായനയുടെ വിവിധങ്ങളായ രീതികൾ പരിചയപ്പെടുത്തുന്നു.<br>○ ഒരോ ക്ലാസിലും വായനയ്ക്ക് താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ ചെറിയ കഥാപുസ്തകങ്ങൾ കവിതാ പുസ്തകങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. | ജൂൺ–മാർച്ച്<br><br>സെപ്തംബർ – ഡിസംബർ<br><br>ജൂൺ – മാർച്ച് | അധ്യാപകർ<br><br>ബി.ആർ.സി<br><br>പി.ടി.എ<br><br>എസ്.എസ്.ജി | 5000<br><br>1000<br><br>5000 |
| മികച്ച അവതരണത്തിലൂടെ കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക. | രണ്ടാം തരത്തിൽ ചെറിയ കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കാനും ഈണം നൽകാനും കഥയിലെ കഥാപാത്രങ്ങൾക്ക് ജീവൻ നൽകുക പൊതു വേദികളിൽ അവതിപ്പിക്കാനും അവസരം നൽകൽ. | ജൂൺ – മാർച്ച്<br><br>ജൂൺ | അധ്യാപകർ<br>ബി.ആർ.സി<br>പി.ടി.എ | |

| | | | | |
|---|---|---|---|---|
| | 3, 4 ക്ലാസിൽ സ്കിറ്റ് തയ്യാറാക്കൽ, പ്രഭാഷണം നടത്തൽ. 5, 6, 7 ക്ലാസിൽ പ്രഭാഷണം തെറ്റില്ലാതെ എഴുതൽ അസംബ്ലിയിൽ പ്രഭാഷണം നടത്തുക, ലഘു നാടകങ്ങൾ ആവിഷ്കരിക്കുക. | – മാർച്ച്<br>ജൂൺ – മാർച്ച് | | |
| പൊതു വേദിയെ അഭിമുഖീകരിച്ച് സംസാരിക്കാനുള്ള ശേഷി നേടുക.<br><br>ഇംഗ്ലീഷ് ഭാഷ കേട്ട് ഗ്രഹിക്കാനുള്ള ശേഷി വികസിപ്പിക്കൽ | English Assembly<br>Public Speaking<br>Drama Theatre<br>English Carnival<br>English News<br>Stories, Rhymes, Cartoons, Games, Puzzles, Debates | June – March | Teachers Resource Persons<br><br>BRC | 5000<br><br>5000 |

## ഗണിതം - ഗണിത കൗതുകം

ഗണിതം മിക്കവാറും കുട്ടികൾക്ക് ബുദ്ധിമുട്ടാണ്. ഗണിത ശേഷികളിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് സഹായം നൽകാൻ ഉതകുന്ന പഠന ബോധനത്തെ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യമാണ് ഗണിത കൗതുകം എന്ന പ്രവർത്തന പരിപാടി ഞങ്ങൾ ഏറ്റെടുത്തത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കൽ | പഠന നില കണ്ടെത്താൻ പ്രീ ടെസ്റ്റ് - പോസ്റ്റ് ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ.<br>പരിമിതികൾ പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br>ഏണിയും പാമ്പും കളിയും വിവിധ കളികൾ, സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ സംഖ്യാഗാനം, സംഖ്യാചിത്രങ്ങൾ വരയ്ക്കൽ, അശ്വമേധം കളി, വർക്ക് ഷീറ്റ് തയ്യാറാക്കൽ | ജൂൺ – ജൂലൈ | ഗണിത അധ്യാപകർ ഗണിത കൺവീനർ എസ്.ആർ.ജി കൺവീനർ | പി.ടി.എ<br>16000 |
| കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>I | ഗണിത പാട്ടുകൾ, ഗണിത കഥകൾ, നമ്പർകാർഡ്, വിവിധ കളികൾ (ശ്രദ്ധ മുന്നേറ്റം) മാന്ത്രിക ചതുരം (സങ്കലനം, ഗുണനം)<br>ഡൈസ് കളി | ആഗസ്ത് – ഡിസംബർ<br>Jun30. | ഗണിത അധ്യാപകർ<br>[illegible] | |
| മനഃക്കണക്ക് ഉറപ്പിക്കൽ | പദപ്രശ്നങ്ങൾ, വർക്ക് ഷീറ്റ്, ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കൊണ്ടുള്ള ഗണിത പഠനം. പ്രായോഗിക പ്രശ്നങ്ങ | ജൂൺ – മാർച്ച് | ബി.ആർ.സി | 14000<br>24000 |

| | | | | |
|---|---|---|---|---|
| | ൾ നിർദ്ധാരണം ചെയ്യൽ.<br>റഫറൻസ് ബുക്ക്സ്, ക്വിസ് മത്സരം മനഃക്കണക്ക് ഉൾപ്പെടുന്ന കഥകൾ, കവിതകൾ, വിവിധ പാറ്റേണുകൾ<br>School and Class ഗണിത | July ആഗസ്റ്റ് | അധ്യാപകർ | |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റ് | ജൂലായ് – സെപ്തംബർ | | |
| ഭിന്നസംഖ്യ എന്ന ആശയം<br>ദശാംശ സംഖ്യ ഉറപ്പിക്കൽ | ഫ്രാക്ഷൻ ഡൈസ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ വീതം വയ്ക്കൽ, മനഃക്കണക്ക് ഉൾപ്പെടുന്ന കഥകൾ. | ജൂൺ – മാർച്ച് | ഗണിത അധ്യാപകർ | |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ,<br>നിർമ്മാണം | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മാണം.<br>കോണുകളുടെ നിർമ്മാണം (ഈർക്കിൾ, വാൾട്യൂബ്)<br>ക്ലോക്കിലെ കോണുകൾ.<br>ജ്യോമെട്രിക്കൽ ചാർട്ട് വരയ്ക്കൽ., ഗണിത ക്യാമ്പ്, ഗണിത നിഘണ്ടു, ഗണിത പ്രോജക്ടുകൾ, സംഖ്യാ വിശകലനം, ഗണിത നാടകം | ജനുവരി – മാർച്ച്<br><br>2 വർഷം | ക്രാഫ്റ്റ് അധ്യാപകൻ<br><br>പൂർവ്വ അധ്യാപകർ, Resource Persons PTA | 40000<br><br>56000 |

## ബേസിക്ക് സയൻസ് - നടക്കാം നാട്ടു വഴികളിലൂടെ.

ഔഷധ ലോകത്തെ നാട്ടറിവുകൾ. വിസ്മൃതിയിലാണ്ടു പോകുന്ന ഔഷധ സസ്യങ്ങളെ കുറിച്ച് അറിവ് മറ്റുള്ളവരിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഞങ്ങൾ ഈ പ്രവർത്തനം ഏറ്റെടുത്തത്. ഔഷധ സസ്യങ്ങളാൽ സമ്പന്നമായ നമ്മുടെ കേരളത്തിൽ കൈയെത്തും ദൂരത്ത് ഔഷധ സസ്യങ്ങൾ ലഭ്യമായിട്ടു കൂടി അവയൊന്നും പ്രയോജനപ്പെടുത്താൻ മടിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധ സസ്യങ്ങളെ പരിചയപ്പെടൽ<br>സസ്യങ്ങളിലെ ഔഷധ മൂല്യം തിരിച്ചറിൽ<br>ഔഷധ സസ്യങ്ങളെ സംരക്ഷിക്കൽ<br>ഔഷധ ഉദ്യാനം നിർമ്മിക്കൽ<br>പ്രകൃതി ജീവനം പുസ്തകം പ്രസിദ്ധീകരിക്കൽ<br>field trip – | • ഔഷധ സസ്യങ്ങൾ നടാനുള്ള ചട്ടികൾ ശേഖരിക്കൽ<br>• കുട്ടികളെ ഗ്രൂപ്പാക്കി ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നു.<br>• ചെടികൾ നട്ടു പിടിപ്പിക്കുന്നു.<br>• ഓരോ സസ്യത്തിന്റേയും പേര് ഔഷധഗുണം മുതലായവ വിവിര ശേഖരണം നടത്തുന്നു. | ജൂൺ – മാർച്ച് | | 5000 |
| | • വീട്ടിലെ മുത്തച്ഛന്മാരെയും മുത്തശ്ശിമാരെയും നാട്ടു വൈദ്യന്മാരുടെയും പക്കൽ നിന്ന് ശേഖരിച്ച് കൊണ്ടു വന്ന വിവരങ്ങൾ മാസത്തിൽ ഒരിക്കൽ അധ്യാപകരുടെ മേൽ നോട്ടത്തിൽ മെച്ചപ്പെടുത്തുന്നു. | ജൂൺ – മാർച്ച് | സയൻസ് അധ്യാപകൻ<br>പരിസ്ഥിതി ക്ലബ് | 5000 |
| | • ആധികാരികത ഉറപ്പു വരുത്തുന്നതിനായി ആയുർവേദ വിദഗ്ദരുടെ സഹായം തേടുന്നു. | ജൂൺ – മാർച്ച് | സയൻസ് ക്ലബ് | 15000 |

| | | | | |
|---|---|---|---|---|
| | • ലഭിച്ച വിവരങ്ങൾ പുസ്തക രൂപത്തിലാക്കി പ്രസിദ്ധീകരിക്കുന്നു. (പ്രകൃതി ജീവനം)<br>• സ്കൂളിലും വീട്ടിലും ഔഷധ തോട്ടം നിർമ്മിക്കുന്നു. | | | |
| നാലാം ക്ലാസു മുതൽ ഏഴാം ക്ലാസു വരെയുള്ള മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.<br>ശാസ്ത്രത്തിന്റെ രീതി മനസ്സിലാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.<br>കുട്ടകളെ ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തുക.<br>കുട്ടിശാസ്ത്രജ്ഞരെ കണ്ടെത്തുക | • മുഴുവൻ കുട്ടികളേയും 4 പേരടങ്ങുന്ന ഗ്രൂപ്പാക്കുന്നു.<br>• ഉപകരണങ്ങൾ ശേഖരിക്കുന്നു.<br>• ഗ്രൂപ്പിൽ പരീക്ഷണം ആസൂത്രണം ചെയ്യുന്നു.<br>• ഉച്ചയ്ക്ക് 1.15 – 1.40 വരെയുള്ള സമയത്ത് പരീക്ഷണം ചെയ്യുന്നു.<br>• എല്ലാവരും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• ഉപകരണങ്ങൾ പരിചയപ്പെടുന്നു.<br>• ലിസ്റ്റ് ചെയ്യുന്നു.<br>• ശാസ്ത്ര വിഷയത്തിൽ കൂടുതൽ താൽപര്യം കാണിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഗവേഷണങ്ങളിൽ ഏർപ്പെടുത്തുന്നു. | ജൂൺ – മാർച്ച്<br><br>ജൂൺ – മാർച്ച്<br><br>ജൂൺ – 3 വർഷം | അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ<br>ബി.ആർ.സി<br><br>സയൻസ് അധ്യാപകർ<br>എസ്.എസ്.ജി.<br>പി.ടി.എ<br><br>ഗവേഷണ അധ്യാപകർ | 7000<br><br>15000<br><br>20000 |

## സാമൂഹ്യശാസ്ത്രം – നാടറിയാം വീടറിയാം [illegible]

ഒരുപാട് ചരിത്രപരവും ഭൂമിശാസ്ത്രപരവും [illegible] ശേഷതകൾ ഓരോ ഗ്രാമഭൂമികൾക്കും ഉണ്ട്. ഇത് കുട്ടികൾക്ക് [illegible] കാല ഘട്ടത്തിന്റെയും ആവശ്യമായി വന്നിരിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | [illegible] |
|---|---|---|---|---|
| വിഭവ വിനിയോഗം വിദ്യാലയ പ്രവർത്തനത്തിന്റെ ഭാഗമാകുക.<br><br>ഒരു ഗവേഷണ സ്ഥാപനം എന്ന നിലയിൽ വിദ്യാലയം വളരുക<br><br>കുട്ടികളിൽ ചരിത്രാവബോധം സൃഷ്ട്ടിക്കുക. | • നാടറിയാം വീടറിയാം നമ്മെയറിയാം. നാട്ടിലെ പൊതുജല സ്രോതസ്സുകൾ ക്ഷേത്രങ്ങൾ തറവാടുകൾ, കാവുകൾ പഴയകാല ജന്മി കുടുംബങ്ങൾ, ഭൂമിശാസ്ത്ര പരമായി പ്രത്യേകതയുള്ള പ്രദേശങ്ങൾ – സന്ദർശനം – വിവരശേഖരണം കുറിപ്പ് സ്ഥലനാമ കഥകൾ തയ്യാറാക്കൽ അഭിമുഖം ഫോട്ടോ സെഷൻ – വീഡിയോ ഷൂട്ടിംഗ് സി.ഡി. നിർമ്മാണം | ജൂൺ – ഒക്ടോബർ | എസ്.ആർ.ജി<br>അധ്യാപകർ<br>പി.ടി.എ<br>സോഷ്യൽ ക്ലബ് | 50000 |
| സമൂഹത്തിൽ ഓരോ കുട്ടിയും ഇടം കണ്ടെത്തുന്നു.<br>പഠന പ്രവർത്തനം രസകരവും ഗവേഷണപരവുമായി മാറ്റുക | • സാമൂഹ്യ ശാസ്ത്ര ഗ്യാലറിയും റൂം സജ്ജീകരണം, പ്രദേശത്തെ ക്ഷേത്ര ഉത്സവങ്ങൾ തെയ്യങ്ങൾ, കൃഷിപ്പെരുമകൾ, വൈവിധ്യമുള്ള പ്രദേശങ്ങൾ, നാട്ടു കൂട്ടായ്മകൾ, ഗ്രാമസഭ മുതലായവയുടെയും നാട്ടു പ്രമാണിമാരുടെയും ഫോട്ടോ സെഷൻ | ക്ഷേത്രാഘോഷ കമ്മിറ്റി കർഷകർ പൂർവ്വ അധ്യാപകർ പി.ടി.എ | ക്ഷേത്ര കമ്മിറ്റി<br>കർഷകർ<br>പൂർവ്വഅധ്യാപകർ<br>പി.ടി.എ | 100000 |
| വ്യത്യസ്ഥ പഠനാനുഭവങ്ങൾ | • ധന്യരോ നിങ്ങൾ | നവംബർ | വാർഡ് മെമ്പർ | |

| | | | | |
|---|---|---|---|---|
| നൽകുക | പ്രദേശത്തെ വിവിധ മേഖല കളിൽ കഴിവ് തെളിയിച്ചവ രുടെ ആൽബം നിർമ്മാണം. വ്യക്തി വിവര ശേഖരം ഗൃ ഹസന്ദർശനം, കുടുംബാംഗ ങ്ങളുമായി കൂടികാഴ്ച | [illegible] | [illegible] | [illegible] |
| ചരിത്രപരമായ അടയാളങ്ങൾ സംരക്ഷിക്കേണ്ടതു ണ്ട് എന്ന തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാവുക.<br><br>നാടിന്റെ സാംസ്കാരി ക പാരമ്പര്യത്തിൽ അഭിമാനം കൊള്ളു ന്നവരായി കുട്ടികൾ മാറുക. | • എന്റെ ഗ്രാമം എത്ര സുന്ദരം. പ്രാദേശിക ചിത്ര രചന.<br>• ഡോക്യുമെന്റേഷൻ ഗ്രാമീ ണ വേദികളിൽ പ്രദർശനം.<br>• ഗ്രാമ സഭ, ക്ലബുകൾ, സ്കൂ ൾ പി.ടി.എ ൽ പ്രദർശനം | 2018 ജൂൺ 2020 മാർച്ച് | പഞ്ചായ ത്ത്<br><br>ചരിത്ര ന്വേ ഷകർ പി.ടി.എ<br><br>ഗ്രാമ മുഖ്യൻ | 15000 |

## ഹിന്ദി – അച്ഛി ഹിന്ദി

നമ്മുടെ ദേശീയ ഭാഷയായ ഹിന്ദി 5, 6, 7 ക്ലാസിലെ കുട്ടികൾ ശരിയായി വായിക്കാനും എഴുതാനും അറിയാൻ . എൽ. പി. ക്ലാസിലും ഹിന്ദി പഠനം ആരംഭിക്കാൻ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും ഹിന്ദി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക<br><br>വ്യവഹാര രൂപങ്ങൾ പരിശീലിപ്പിക്കുക. | ചാർട്ട്, വർക്ക് ഷീറ്റ് എന്നിവ നിർമ്മിക്കാൻ അവ ഉപയോഗിച്ചുള്ള പഠനം.<br>വായനാ കാർഡ്, പസ്സിൽസ്, കഥ, കവിത, പുസ്തകങ്ങൾ, ഹിന്ദി ലൈബ്രറി ഒരുക്കൽ, ക്ലാസ് ലൈബ്രറി ഒരുക്കൽ. സ്പോക്കൺ ഹിന്ദി ക്ലാസുകൾ | ജൂൺ – ആഗസ്ത്<br><br>ആഗസ്ത് – മാർച്ച് | പി.ടി.എ അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | 3000<br><br>10000 |
| ഒഴുക്കോടെ ഹിന്ദി എഴുതാനും വായിക്കാനും പരീക്ഷകളെ നേരിടാനുമുള്ള കഴിവ് വളർത്തൽ | കഥാ രചന, കവിതാ രചന, ഹിന്ദി പദ സദസ്സ്, നിഘണ്ടു നിർമ്മാണം, നാടകം, ഡോക്യുമെന്ററി, ഐ.സി.ടി. സാധ്യത | 2018 ജൂൺ – 2019 മാർച്ച് | ഹിന്ദി ക്ലബ് അംഗങ്ങൾ അധ്യാപകർ | 15000 |

## ഒരു ദിനം ഒരു പുതുമ ടാലന്റ് ലാബിലേക്ക് ഒരു ചുവട്

പഠന പുരോഗതി മാത്രമല്ല സ്വയം തിരിച്ചറിയൽ സർഗ്ഗാത്മക ചിന്ത നിരീക്ഷണ പാടവം, നേതൃപാടവം ആശയ വിനിമയ ശേഷി സഹഭാവം തുടങ്ങിയ ആർജിക്കാനും കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വിവിധ മേഖലകളിലെ കഴിവുകൾ തിരിച്ചറിയാനും ഈ പംക്തിയിലൂടെ കഴിയും.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടെ എല്ലാ രംഗത്തും ഗവേഷകർ ത്വരയുള്ള കുട്ടികളെ വാർത്തെടുക്കൽ | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ എസ്.ആർ.ജി. യിൽ ചർച്ച. വിഷയാടിസ്ഥാനത്തിൽ പരിപാടികൾ കണ്ടെത്തൽ. അവതരിപ്പിക്കാൻ അവസരം നൽകൽ. | 2018 ജൂൺ | അധ്യാപകർ | 2000 |
| പ്രതിഭകളെ രൂപപ്പെടുത്തുക. ഗവവേഷണ പഠനങ്ങൾ ഏറ്റെടുക്കാനുള്ള കഴിവ് ഉറപ്പാക്കൽ | അവതരണ കലണ്ടർ തയ്യാറാക്കൽ. (ഓരോ ക്ലാസിനും പ്രത്യേകം) വിഷയം കണ്ടെത്തൽ (കുട്ടി – അധ്യാപകൻ). കുട്ടികൾ മാത്രം വിഷയം കണ്ടെത്താൻ വിവരശേഖരണം ക്ലാസിന് പുറത്തേക്കും. | 2018 ജൂലായ് സെപ്തംബർ | അധ്യാപകർ<br>പി.ടി.എ | 5000 |
| പൊതു വിദ്യാഭ്യാസ രംഗത്ത് പുതിയ മാതൃകകൾ സൃഷ്ടിക്കുക. | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക. എസ് .ആർ ജി യിൽ വിഷയാടിസ്ഥാനത്തിൽ ഓരോ പരിപാടി കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകൽ. | ആഗസ്ത് 2018 – മാർച്ച് 2021 | അധ്യാപകർ റിസോർസ് പേഴ്സൺ ഐ.ടി. പ്രാവീണ്യം നേടിയവർ | 10000 |
| അവതരണ ശേഷി വർദ്ധിപ്പിക്കുക. പൊതുസമൂഹത്തിന്റെ ക്രിയാതമക പങ്കാളിത്തം ഉറപ്പാക്കുക. നേതൃപാടവം | ശേഖരിച്ച വിവരങ്ങൾ പങ്കുവെക്കും. രംഗഭാഷയിലേക്ക് മാറ്റുക. ഓരോ കുട്ടിയുടെയും റോൾ | ഐ.ടി. പ്രത്യേത |  | 100000 |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കുക.<br>കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.<br>കുട്ടികളുടെ പഠന മികവ് സമൂഹവുമായി പങ്കുവെക്കുക. | പ്ലേ നിശ്ചയിക്കുക.<br>റിഹേഴ്സൽ നടത്തുക. (ശനി)<br>രംഗ സജ്ജീകരണവും അവതരണവും. (ഉച്ചയ്ക്ക് 1.15 – 2)<br>രക്ഷിതാക്കൾക്ക് കാണാൻ അവസരം നൽകുക.<br>സമൂഹം വിലയിരുത്തുക.<br>സോഷ്യൽ മീഡിയയിലേക്ക് വ്യാപനം. അഭിപ്രായം അഭിനന്ദനം ഏറ്റുവാങ്ങൾ. വാർഷികാഘോഷത്തിന് അവതരിപ്പിക്കൽ. | പ്രാവീണ്യം | പി.ടി.എ<br>എസ്.ആർ.ജി<br>എസ്.എസ്.ജി<br>പൊതു സമൂഹം | |

## ഭിന്നശേഷീ വിദ്യാർത്ഥികളുടെ ശേഷീ വികസനം – 'ഒരുമ'

എല്ലാ ഭിന്നശേഷീ വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള പഠന തന്ത്രങ്ങളല്ല. മറിച്ച് അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറുവാനുള്ള പഠന ബോധന തന്ത്രങ്ങളും പഠനോപകരണങ്ങളുമാണ് ആവശ്യം. അധ്യാപകന്റെ ബോധന രീതീയിൽ മാറ്റം വരുത്തുക വഴി ഇത്തരം വിദ്യാർത്ഥികളുടെ പഠനം കൂടുതൽ കാര്യക്ഷമമാകും എന്ന തിരിച്ചറിവ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശക ലനം |
|---|---|---|---|---|
| ഭിന്നശേഷീ വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറാൻ പ്രാപ്തരാക്കുക<br><br>അവരുടെ സവിശേഷ കഴിവുകളെ പ്രോത്സാഹിപ്പിക്കുക. | ജൂൺ മാസം തന്നെ കുട്ടികളെ കണ്ടെത്തൽ.<br>രക്ഷിതാക്കൾക്ക് ബോധവത്കരണം (ഐ.സി.ടി. സാധ്യത ഉപയോഗിച്ച്)<br>സ്കൂളിൽ ആകെയുള്ള ഭിന്നശേഷി വിദ്യാർത്ഥികളെ വിഷൽ ലേണേഴ്സ്, ഓഡിറ്ററി ലേണേഴ്സ്, ക്രിയേറ്റീവ് ലേണേഴ്സ് എന്നിങ്ങനെ തരം തിരിക്കൽ<br>ക്രിയേറ്റീവ് ലേണേഴ്സ് ശാസ്ത്ര പരീക്ഷണങ്ങൾ സ്പെസിമൻ നിരീക്ഷണം, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കൽ. | ജൂൺ – ആഗസ്ത്<br><br>സെപ്തംബർ മാർച്ച് | അധ്യാപകർ ബി.ആർ.സി<br><br>രക്ഷിതാക്കൾ പഞ്ചായത്ത് ബി.ആർ.സി അധ്യാപകർ | 10000<br><br>15000 |
| പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക. | ശാരീരിക പരിമിതികളുള്ള കുട്ടികളെ അധ്യാപകരും പിയർ ടീച്ചേഴ്സായ കുട്ടികളും റിസോഴ്സ് പോഴ്സൺസും മാസത്തിൽ മൂന്നോ നാലോ ദിവസം വിട്ടിലെത്തി പഠിപ്പിക്കൽ. | സെപ്തംബർ 2018 – മാർച്ച് 2020 | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>റിസോഴ്സ്<br>അധ്യാപകർ | 5000<br>30000<br>5000 |

| | | | | |
|---|---|---|---|---|
| അവസരവും പങ്കാളിത്തവും ഉറപ്പാക്കുക | ഏകദിന പഠനോത്സവം സംഘടിപ്പിക്കൽ.<br>ഏതെങ്കിലും ശില്പശാലകൾ<br>കലാ കായിക മത്സരം സംഘടിപ്പിക്കൽ.<br>അമ്മയും കുഞ്ഞും പഠന യാത്ര നടത്തൽ.<br>ഇത്തരം കുട്ടികളുടെ വീടുകളിൽ ഏതെങ്കിലും പൊതു ആഘോഷ പരിപാടികൾ സംഘടിപ്പിക്കൽ | ഫിബ്രവരി<br>മാർച്ച്<br>മാർച്ച്<br>ഫിബ്രവരി | അധ്യാപകർ | |

## കായിക പരിശീലന സൗകര്യം – 'ഒളിമ്പിയ'

ആധുനിക സൗകര്യങ്ങളോടു കൂടിയ പ്ലേ ഗ്രൗണ്ട്. കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ ആരോഗ്യമുള്ള യുവ തലമുറ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അന്യം നിന്നു പോയ നാടൻ കളികൾ, കളിയുപകരണങ്ങൾ, ഇവ കുട്ടികളെ പരിചയപ്പെടുത്തൽ. | നാടൻ കളികൾ ലിസ്റ്റ് ചെയ്യൽ. നാടൻ കളികളിൽ പ്രാവീണ്യം നേടിയവരെ കണ്ടെത്തൽ. കളിയുപകരണങ്ങൾ നിർമ്മാണം പരിചയപ്പെടൽ. | ഏപ്രിൽ 2018 –മെയ് 2018 | പൂർവ്വ വിദ്യാർത്ഥികൾ രക്ഷിതാക്കൾ | 30000 |
| ഫുട്ബോൾ വോളിബോൾ, ക്രിക്കറ്റ്, കബഡി, ഹോക്കി, ഷട്ടിൽ എന്നീ കളികളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | കോച്ചുകളെ കണ്ടെത്തൽ. വിദ്യാർത്ഥികളെ തിരഞ്ഞെടുക്കൽ. ഉപകരണങ്ങൾ ലഭ്യമാക്കൽ. പരിശീലനം നൽകാനുള്ള സമയം ക്രമീകരിക്കൽ വ്യായാമം ചെയ്യാനുള്ള അവസരം. | പൂർവ്വ വിദ്യാർത്ഥികൾ, പി. ടി.എ, എസ്.എസ്.ജി., പൂർവ്വ അധ്യാപകർ 2018–2022 | പൂർവ്വ അധ്യാപകർ പി. ടി.എ പൂർവ്വ വിദ്യാർത്ഥികൾ | 1 ലക്ഷം രൂപ |
| മാസ്ഡ്രിൽ, ജിംനേഷ്യം, എയറോബിക്സ് കരാട്ടെ, ചെസ്, ടെന്നീസ്, ഹാന്റ് ബാൾ<br>സ്കൂൾ ഗ്രൗണ്ടിൽ ഗാലറി.<br>കരാട്ടെ, യോഗ കളരി പിച്ചുകൾ ട്രാക്കുകൾ | പരിശീലകരെ കണ്ടെത്തൽ. സമയം നിർണയിക്കൽ. ബോധവൽകരണ ക്ലാസുകൾ. ഉപകരണങ്ങൾ ശേഖരിക്കൽ. ഗ്രൗണ്ടിൽ കളിക്കാവശ്യമുള്ള സൗകര്യം ഒരുക്കൽ. പരിശീലനത്തിനാവശ്യമായ അധ്യാപകരെ കണ്ടെത്തൽ. ഇതിനെ കുറിച്ച് ബോധമുള്ളവരെ കണ്ടെത്തൽ. | ആഗസ്ത് – മാർച്ച്<br>2018 മാർച്ച് 2020 മാർച്ച്<br>2022 മാർച്ച് | റിസോഴ്സ് പേഴ്സൺ<br>പരിശീലനം നേടിയ അധ്യാപകർ പി.ടി.എ എസ്.എസ്.ജി. | 100000<br>200000 |

## ജൈവവൈവിധ്യ ഉദ്യാനം – 'പുപ്പൊലി'

കാമ്പസ് തന്നെ പാഠ പുസ്തകം എന്ന കാഴ്ചപ്പാടിൽ കാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും. പഠനത്തെ പരിസരബന്ധിതവും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസരം സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യും.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധതോട്ട നിർമ്മാണം കുട്ടികളിൽ. വിദ്യാലയം ആകർഷകമാക്കൽ. പൂന്തോട്ടം നിർമ്മിക്കൽ. ശലഭോദ്യാനം നിർമ്മിക്കൽ. ഇലകൾ പൂക്കൾ ഇവയുടെ ശേഖരണം. | സ്ഥലം കണ്ടെത്തൽ. സ്ഥലം ഒരുക്കൽ. ചെടികൾ ശേഖരിക്കൽ. ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ. നടാനുള്ള ചട്ടികൾ ശേഖരിക്കൽ. പൂന്തോട്ടത്തിൽ നടേണ്ട. ചെടികൾ ശേഖരിക്കൽ ക്രമീകരിക്കൽ. ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ കണ്ടെത്തൽ. പ്രത്യേക സ്ഥലത്ത് മണമുള്ള ഇലകളുള്ളചെടികൾ ഒരുക്കൽ | ജൂലൈ – ആഗസ്ത് ആഗസ്ത് – മാർച്ച് ജൂലൈ – മാർച്ച് 2018 – 2020 | അധ്യാപകർ പി.ടി.എ എസ്.എസ്.ജി. നാട്ടുവൈദ്യർ പരിസ്ഥിതി പ്രവർത്തകർ | 5000 10000 |
| ഹെർബേറിയം ഒരുക്കന്നതിലൂടെ ചെടികളെ കുറിച്ച് കൂടുതലറിയാൻ കുട്ടികൾക്ക് കഴിയുന്നു. മാസിക നിർമ്മാണം. | ആവശ്യമായ രേഖകൾ ശേഖരിക്കൽ. ശാസ്ത്രനാമം, കുലം, കുടുംബം. എത്ര വർഷം നീണ്ട് നിൽകും. പുതിയ ചെടികൾ ഉണ്ടാകുന്ന വിധം തിരിച്ചറിയൽ. വാണിജ്യാവശ്യത്തിനുപയോഗിക്കുന്നവ. കൗതുകത്തിനായി വളർത്തുന്നവ. മാസിക നിർമ്മാണം. | 2018 മെയ് 2019 മാർച്ച് 2018–2020 2018 ജൂൺ 2019 മാർച്ച് | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ പരിസ്ഥിതി പ്രവർത്തകർ | 10000 |